# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 632 10.07.2014-ൽ മറുപടിക്ക്

**<u>പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനം</u>**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രഖ്യാപിക്കുന്ന പദ്ധതികളുടെ വിശദാംശം അറയിക്കാമോ? | എ) പട്ടികജാതി വിഭാഗത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങളായ അരുന്ധതിയാർ/ചക്ലിയൻ, നായാടി, വേടൻ, വേട്ടുവൻ, കള്ളാടി എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനായി ഒരു ഗുണഭോക്താവിന് ഭൂമി വാങ്ങുന്നതിന് 2.50 ലക്ഷം രൂപയും വീട് വയ്ക്കുന്നതിന് 2 ലക്ഷം രൂപയും ഉൾപ്പെടെ ഒരൊറ്റ യൂണിറ്റായി കണക്കാക്കി 4.50 ലക്ഷം രൂപ അനുവദിച്ചു വരുന്നു. ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് നൽകി വരുന്ന ധനസഹായം 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗത്തിലെ ഏറ്റവും ദുർബലവിഭാഗങ്ങൾക്ക് നൽകിവരുന്ന ധനസഹായവും ആനുപാതികമായി വർദ്ധിപ്പി ക്കുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ കുടിവെള്ളം, റോഡ്, വൈദ്യുതീകരണം എന്നിവയ്ക്കും നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ, വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ തുടങ്ങി വകുപ്പ് നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങളും ഏറ്റവും ദുർബലരായ വിഭാഗങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതിയ്ക്കായി കഴിഞ്ഞ വർഷവും ഈ വർഷവും നീക്കിവച്ചിരുന്ന തുകയെത്രയെന്ന് അറിയിക്കുമോ ; | ബി) | 2013-14 സാമ്പത്തിക വർഷം 1500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. നടപ്പ് സാമ്പത്തിക വർഷം 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| സി) | കഴിഞ്ഞ വർഷം നീക്കിവെച്ചിരുന്ന തുകയുടെ പകുതിയിൽ താഴെ മാത്രം ചെലവഴിക്കാനിടയായ സാഹചര്യം വിശദമാക്കുമോ ? | സി) | ഇത്തരമൊരു സാഹചര്യം ഉണ്ടായിട്ടില്ല. പട്ടികജാതി വിഭാഗത്തിലെ ഏറ്റവും ദുർബ്ബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി 2013-14 വർഷം വകയിരുത്തിയിരുന്ന തുക 1500 ലക്ഷം രൂപയായിരുന്നു. എന്നാൽ ഈ പദ്ധതിക്കായി 2013-14-ൽ 1504.48 രൂപ ചെലവഴിക്കുകയുണ്ടായി |

**സെക്ഷൻ ഓഫീസർ**